(ഇ) ചാത്തമംഗലം പഞ്ചായത്തിലെ 8, 10 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 1200-ഉം തുക 41 ലക്ഷം രൂപയും 4, 5, 6 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം 1500-ഉം തുക 47 ലക്ഷം രൂപയുമാണ്.

(എഫ്) ചാത്തമംഗലം പഞ്ചായത്തിലെ 8, 10 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയും 4,5,6 വാർഡുകളിലേക്കുള്ള എൻ. സി./പി. സി. ശുദ്ധജലവിതരണ പദ്ധതിയും 2005 ഡിസംബർ മാസത്തിൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ട്രൈബൽ മേഖലയിലെ ജലനിധി പദ്ധതികൾ

86 [3340] *ശ്രീ. കളത്തിൽ അബ്ദുള്ള:*

„ *പി. കെ. കെ. ബാവ:*

„ *ടി. പി. എം. സാഹിർ:*

„ *സി. മമ്മൂട്ടി:*

„ *ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രൈബൽ മേഖലയിൽ എത്ര ജലനിധി പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) പുതുതായി ജലനിധിയിൽ ഏതെങ്കിലും പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ;

(ഇ) ജലനിധി പദ്ധതിയിലൂടെ നേടിയെടുത്ത ഭൗതിക പുരോഗതികൾ വിശദമാക്കാമോ?

ഉത്തരം

(എ) ട്രൈബൽ മേഖലയിൽ 10 പഞ്ചായത്തുകളിലായി 99 ജലനിധി പദ്ധതികൾ തുടങ്ങിയിട്ടുണ്ട്.

(ബി) 78 എണ്ണം.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ജലനിധി പദ്ധതിയിലൂടെ നേടിയെടുത്ത മൊത്തം ഭൗതിക പുരോഗതി അനുബന്ധമായി കൊടുത്തിരിക്കുന്നു.†

ജലനിധി പദ്ധതി

87 [3341] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി നിലവിൽ സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സന്നദ്ധ സംഘടനകൾക്ക് (എൻ. ജി. ഒ.) പദ്ധതി പണത്തിന്റെ എത്ര ശതമാനമാണ് ലഭിക്കുന്നത്;

(സി) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളിൽനിന്നും എൻ. ജി. ഒ. സി.-ന് എന്ത് തുകയാണ് ആകെ ലഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ജലലഭ്യതയുടെയും ഭൂഗർഭജലത്തിന്റെ ലഭ്യതയുടെയും എന്തെങ്കിലും സാദ്ധ്യതാപഠനം നടത്തിയാണോ ഈ പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 110 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു.

(ബി) എൻ. ജി. ഒ. കൾക്കുള്ള പ്രതിഫലം പദ്ധതി പണത്തിന്റെ ഏതെങ്കിലും ശതമാനക്കണക്കിലല്ല നൽകുന്നത്. അവരിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ ക്കനുസരിച്ച് പ്രതിഫല തുക നിശ്ചയിച്ച് പ്രത്യേകം കരാറിൽ ഏർപ്പെട്ടാണ് സേവനം പ്രയോജനപ്പെടുത്തുന്നത്. പുതുക്കിയ പ്രോജക്ട് എസ്റ്റിമേറ്റ് അനുസരിച്ച് ആകെ പദ്ധതി ചെലവിന്റെ ഏകദേശം 11 ശതമാനത്തോളം തുക എൻ. ജി. ഒ. കൾക്ക് പ്രതിഫലമായി വകയിരുത്തിയിട്ടുണ്ട്.

(സി) 2005 ജൂൺ മാസം വരെ 17.70 കോടി രൂപ ഈയിനത്തിൽ എൻ. ജി. ഒ. കൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ഗുണഭോക്തൃസംഘങ്ങൾക്ക് ആവശ്യമായ ജലത്തിന്റെ ലഭ്യത ഭൂഗർഭജല ശാസ്ത്രജ്ഞന്റെ സഹായത്തോടെ ഉറപ്പുവരുത്തിയതിനുശേഷമാണ് ജലനിധി പദ്ധതി നടപ്പിലാക്കുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly